**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 560** **23-07-2021 - ൽ മറുപടിയ്ക്ക്**

**തീരപ്രദേശങ്ങളിൽ അധിവസിക്കുന്ന മത്സ്യത്തൊഴിലാളികളുടെ പ്രതിസന്ധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ കടകംപള്ളി സുരേന്ദ്രൻ,<br>ശ്രീ. എച്ച്. സലാം,<br>ശ്രീ സി എച്ച് കുഞ്ഞമ്പു,<br>ശ്രീമതി കാനത്തിൽ ജമീല** | | **Shri Saji Cherian<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | നിരന്തരമായ കടലാക്രമണവും കേന്ദ്രസർക്കാരിന്റെ തീരസംരക്ഷണ നിയമവും മൂലം തീരപ്രദേശങ്ങളിൽ അധിവസിക്കുന്ന മത്സ്യത്തൊഴിലാളികളുടെയും ഇതര വിഭാഗത്തിലുള്ളവരുടേയും സുരക്ഷിത ജീവിതത്തിൽ ഉണ്ടായിട്ടുള്ള പ്രതിസന്ധി പ്രത്യേകമായി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്. കേന്ദ്ര സർക്കാരിന്റെ തീര സംരക്ഷണ നിയമം തീരപ്രദേശങ്ങളിൽ അധിവസിക്കുന്ന മത്സ്യത്തൊഴിലാളികളെ ആശങ്കപ്പെടുന്നതിനാൽ മത്സ്യത്തൊഴിലാളികളുടെ താത്പര്യം സംരക്ഷിക്കാനുള്ള നിർദ്ദേശങ്ങൾ തീരമേഖല പരിപാലന പ്ലാനിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) | പ്രസ്തുത വിഷയം കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിന് ഇതുവരെ ചെയ്ത കാര്യങ്ങൾ അറിയിക്കാമോ; | (ബി) | കേന്ദ്ര പരിസ്ഥിതി വനം കാലാവസ്ഥ വ്യതിയാന മന്ത്രാലയത്തിന്റെ 18.01.2019 ലെ തീരദേശ നിയന്ത്രണ മേഖല വിജ്ഞാപന പ്രകാരം തീരദേശ സംസ്ഥാനങ്ങൾ തീരമേഖല പരിപാലന പ്ലാൻ (Coastal Zone Management Plan(CZMP)) തയ്യാറാക്കി കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭ്യമാക്കേണ്ടതുണ്ട്. ഇങ്ങനെ അംഗീകരിക്കപ്പെടുന്ന പ്ലാനിന്റെ (CZMP) അടിസ്ഥാനത്തിലായിരിക്കും, തീരദേശ നിയന്ത്രണ മേഖലയുടെ വിവിധ വികസന പരിപാലന നടപടികൾ ക്രമീകരിക്കേണ്ടത്. ദേശീയ ഭൗമ പഠന കേന്ദ്രവും, കേരള സംസ്ഥാന തീരപരിപാലന അതോറിറ്റിയും ചേർന്ന് സംസ്ഥാന CZMP നും 9 തീരദേശ ജില്ലകളുടെയും കോട്ടയം ജില്ലയുടെയും ജില്ലാതല CZMP നും തയ്യാറാക്കിയിട്ടുണ്ട്. ഫിഷറീസ് വകുപ്പിന്റെ പരിധിയിൽ വരുന്ന മത്സ്യത്തൊഴിലാളികളുടെയും മത്സ്യകർഷകരുടെയും ആവശ്യങ്ങൾ ഉൾപ്പെടുത്തി മത്സ്യത്തൊഴി ലാളികളുടെ പാർപ്പിടം, പൊതു അടിസ്ഥാന സൗകര്യം, മത്സ്യകൃഷി, തൊഴിൽ എന്നിവ സംരക്ഷിക്കുന്ന തരത്തിൽ സംസ്ഥാന CZMP യിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതിനും 10 അംഗ കമ്മിറ്റി രൂപീകരിച്ച് നടപടി സ്വീകരിച്ചു വരുന്നു |

| | | | |
|---|---|---|---|
| (സി) | മത്സ്യത്തൊഴിലാളികൾക്ക് സമീപ പ്രദേശങ്ങളിലും ഇതര വിഭാഗത്തിൽപ്പെട്ടവർക്ക് സൗകര്യപ്രദമായ മറ്റിടങ്ങളിലും പുനരധിവാസം ഒരുക്കുന്നതിന് ആലോചിക്കുന്നുണ്ടോ;എങ്കിൽ വെളിപ്പെടുത്താമോ? | (സി) | തീരദേശത്ത് വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്ററിനുള്ളിൽ അധിവസിക്കുന്ന മത്സ്യത്തൊഴിലാളികൾ ഉൾപ്പെടെ എല്ലാ വിഭാഗം കുടുംബങ്ങളേയും സുരക്ഷിത മേഖലയിൽ പുനരധിവസിപ്പിക്കുന്നതിന് 2450 കോടി രൂപയുടെ പുനർഗേഹം പദ്ധതി നടപ്പാക്കി വരുന്നു. വ്യക്തിഗത ഗുണഭോക്താക്കൾക്ക് അവർ കണ്ടെത്തുന്ന സ്ഥലം വാങ്ങി വീട് വയ്ക്കുന്നതിനും, സ്ഥലം ലഭ്യമല്ലാത്ത സാഹചര്യത്തിൽ ഭൂമി കണ്ടെത്തി ഫ്ലാറ്റ് സമുച്ചയ നിർമ്മാണ പദ്ധതിയും വിഭാവനം ചെയ്യുന്നു. തീരദേശത്ത് 50 മീറ്ററിനുള്ളിൽ അധിവസിക്കുന്ന മത്സ്യത്തൊഴിലാളികളെ അപേക്ഷിച്ച് ഇതര വിഭാഗത്തിൽപ്പെടുന്ന ഗുണഭോക്താക്കളുടെ എണ്ണം വളരെ കുറവാണ്. ഇതര വിഭാഗത്തിൽപ്പെടുന്നവർക്ക് അവരുടെ തൊഴിൽപരമായ സൗകര്യാർത്ഥം അവർ കണ്ടെത്തുന്ന സ്ഥലം വാങ്ങി ഭവനം നിർമ്മിക്കുന്നതിന് ധനസഹായം അനുവദിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ